*ഓഫീസ് ഉപയോഗത്തിന് മാത്രം*

# പൊതു തിരഞ്ഞെടുപ്പ് - 2015

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സംവരണ നിയോജകമണ്ഡലങ്ങൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ,

കേരളം

2015

*ഓഫീസ് ഉപയോഗത്തിന് മാത്രം*

# പൊതു തിരഞ്ഞെടുപ്പ് - 2015

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സംവരണ നിയോജകമണ്ഡലങ്ങൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ,**
**കേരളം**
**2015**

പ്രസിദ്ധീകരിക്കുന്നത്
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
കോർപ്പറേഷൻ മന്ദിരം, എൽ.എം.എസ് ജംഗ്ഷൻ
വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം - 695033
2015

കോപ്പികൾ - 6,000
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, 2015

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സംവരണ നിയോജകമണ്ഡലങ്ങൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ

(1) ഭരണഘടനാവ്യവസ്ഥകളും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 7(3), 8(3), 9(3) വകുപ്പുകളും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 6(5) വകുപ്പും അനുസരിച്ച് ജനസംഖ്യാനുപാതികമായി നിശ്ചിത നിയോജകമണ്ഡലങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടിയും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 7(6), 8(6), 9(6) വകുപ്പുകളും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 6(7) വകുപ്പും പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ 50 ശതമാനത്തിൽ കുറയാത്ത നിയോജക മണ്ഡലങ്ങൾ സ്ത്രീകൾക്കുവേണ്ടിയും പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് സംവരണം ചെയ്ത മണ്ഡലങ്ങളുടെ 50 ശതമാനത്തിൽ കുറയാത്ത മണ്ഡലങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് 7(5), 8(5), 9(5) വകുപ്പുകളും കേരള മുനിസിപ്പാലിറ്റി ആക്ട് 6(6) വകുപ്പും പ്രകാരം പട്ടിക ജാതി /പട്ടികവർഗ്ഗ സ്ത്രീകൾക്കുവേണ്ടിയും സംവരണം ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, പട്ടികജാതി സ്ത്രീ, പട്ടികവർഗ്ഗ സ്ത്രീ, പട്ടിക ജാതി, പട്ടികവർഗ്ഗം, സ്ത്രീ എന്നിങ്ങനെ അഞ്ചിനങ്ങളിലാണ് സംവരണ മണ്ഡലങ്ങൾ നിശ്ചയിക്കേണ്ടത്.

(2) ഓരോ സ്ഥാപനത്തിനും മേൽപ്പറഞ്ഞ സംവരണമണ്ഡലങ്ങളുടെ എണ്ണം നിശ്ചയിച്ചുകൊണ്ട് കേരള സർക്കാരും പഞ്ചായത്ത് ഡയറക്ടറും വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(3) പ്രസ്തുത വിജ്ഞാപനങ്ങൾ പ്രകാരം നിശ്ചയിക്കപ്പെടുന്ന അത്രയും സംവരണ മണ്ഡലങ്ങൾ കണ്ടെത്തേണ്ടതുണ്ട്.

4) കേരള പഞ്ചായത്ത് രാജ് ആക്ടിലെ 10(2 എ) വകുപ്പ് പ്രകാരം ഓരോ സ്ഥാപനത്തിന്റേയും സംവരണമണ്ഡലങ്ങൾ തീരുമാനിക്കുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിലേക്കായി വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിലും സമയത്തും സ്ഥലത്തും വച്ച് കമ്മീഷൻ ഇതിലേക്കായി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ആവർത്തനക്രമം പാലിച്ച് നറുക്കെടുപ്പിലൂടെ തീരുമാനിക്കേണ്ടതും ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ അതത് ജില്ലാ കളക്ടർമാരെയും മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ അർബൻ അഫയേഴ്സ് റീജിയണൽ ജോയിന്റ് ഡയറക്ടർ മാരേയും കോർപ്പറേഷനുകളുടെ കാര്യത്തിൽ അർബൻ അഫയേഴ്സ് ഡയറക്ടറേയുമാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനായി അധികാരപ്പെടുത്തിയിരിക്കുന്നത്.

സംവരണമണ്ഡലങ്ങൾ തീരുമാനിക്കുന്നതിനുള്ള നറുക്കെടുപ്പിന്റെ സമയക്രമം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ച് നൽകുന്നതാണ്.

**സംവരണമണ്ഡലങ്ങൾ നിശ്ചയിക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അധികാര പ്പെടുത്തിയ ഉദ്യോഗസ്ഥൻമാർ താഴെപ്പറയുന്ന നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്**

**എ. നിലവിലുള്ള നിയോജകമണ്ഡലങ്ങൾ/വാർഡുകൾ മാറ്റമില്ലാതെ തുടരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംവരണ മണ്ഡലങ്ങൾ നിശ്ചയിക്കുന്നതിനുള്ള നടപടിക്രമം**

I കേരള പഞ്ചായത്ത് രാജ് / മുനിസിപ്പാലിറ്റി നിയമങ്ങളനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് സംവരണം ചെയ്യപ്പെട്ടിട്ടുള്ള വിവിധ നിയോജക മണ്ഡലങ്ങൾ/ വാർഡുകൾ ആവർത്തനക്രമമനുസരിച്ച് നീക്കിവക്കേണ്ടതാണ്. അതായത് കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ സംവരണ മണ്ഡലങ്ങളായിരുന്ന മണ്ഡലങ്ങളെ ഒഴിവാക്കി കൊണ്ടായിരിക്കണം ഇത്തവണ സംവരണ നിയോജകമണ്ഡലങ്ങളെ നറുക്കെടുപ്പി ലൂടെ നിശ്ചയിക്കേണ്ടത്.

മേൽപറഞ്ഞ പ്രകാരം നിർദ്ദിഷ്ട നിയോജകമണ്ഡലങ്ങളിൽ ഒഴിവാക്കേണ്ട നിയോജക മണ്ഡലങ്ങൾ ഏതൊക്കെ എന്ന് കണ്ടെത്തുന്നതിനാവശ്യമായ കൃത്യമായ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്ത് /മുനിസിപ്പൽ സെക്രട്ടറിമാരിൽ നിന്നും ശേഖരിക്കണം. ഈ ആവശ്യത്തിനായി ഇതോടൊപ്പം ചേർത്തിട്ടുള്ള ഫാറത്തിൽ (അനുബന്ധം - I) വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പകുതിയിലധികം മണ്ഡലങ്ങൾ വിവിധ വിഭാഗത്തിനുള്ള സംവരണ മണ്ഡലങ്ങളായി വരുമ്പോൾ കഴിഞ്ഞ തവണത്തെ എല്ലാ സംവരണ മണ്ഡലങ്ങളും ഇത്തവണത്തെ സംവരണ മണ്ഡലങ്ങളിൽ നിന്നും ഒഴി വാക്കുവാൻ കഴിയുകയില്ല. ഇപ്രകാരം വരുന്ന കേസുകളിൽ സംവരണ നിയോജ കമണ്ഡലങ്ങളുടെ എണ്ണം തികയാൻ കൂടുതൽ ആവശ്യമായി വരുന്ന നിയോജകമ ണ്ഡലങ്ങൾ 2010-ലെ സംവരണ മണ്ഡലങ്ങളായി കണക്കാക്കി നേരത്തെ ഒഴിവാ ക്കിവയിൽ നിന്നും നറുക്കിട്ടെടുത്ത് നിർദ്ദിഷ്ട സംവരണ നിയോജകമണ്ഡലങ്ങളായി നിശ്ചയിക്കേണ്ടതാണ്. ഇങ്ങനെ ചെയ്യുമ്പോൾ കഴിഞ്ഞ തവണ ഏത് വിഭാഗത്തി നാണോ ആ മണ്ഡലം സംവരണം ചെയ്യപ്പെട്ടിരുന്നത്, ആ വിഭാഗത്തിനായി വീണ്ടും സംവരണം ചെയ്യപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം.

II നറുക്കെടുപ്പിന് മുമ്പ് ഓരോ പഞ്ചായത്ത്/മുനിസിപ്പാലിറ്റിയ്ക്കും ഓരോ രജിസ്റ്റർ തയ്യാറാക്കണം അതിൽ താഴെ കാണുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കണം.



1. പഞ്ചായത്തിന്റെ /മുനിസിപ്പാലിറ്റിയുടെ നമ്പരും പേരും :
2. ആകെ നിയോജകമണ്ഡലങ്ങളുടെ എണ്ണം
3. അതിലെ നിലവിലുള്ള സംവരണമണ്ഡലങ്ങളുടെ നമ്പരും പേരും. :
   - i) സ്ത്രീ സംവരണം (1)
     (2)
     (3)
     (എ) പട്ടികജാതി സ്ത്രീ സംവരണം
     (ബി) പട്ടികവർഗ്ഗ സ്ത്രീ സംവരണം
   - ii) പട്ടികജാതി സംവരണം (1)
     (2)
     (3)
   - iii) പട്ടികവർഗ്ഗ സംവരണം :
4. ഒഴിവാക്കിയ മണ്ഡലങ്ങളുടെ നമ്പരും പേരും :
   - i) സ്ത്രീ സംവരണം (1)
     (2)
     (3)
     (എ) പട്ടികജാതി സ്ത്രീ സംവരണം
     (ബി) പട്ടികവർഗ്ഗ സ്ത്രീ സംവരണം
   - ii) പട്ടികജാതി സംവരണം :
   - iii) പട്ടികവർഗ്ഗ സംവരണം.
5. നറുക്കെടുപ്പിലൂടെ നിശ്ചയിച്ച പുതിയ സംവരണ മണ്ഡലങ്ങളുടെ നമ്പരും പേരും :
   - i) സ്ത്രീ സംവരണം (1)
     (2)
     (3)
     (എ) പട്ടികജാതി സ്ത്രീസംവരണം
     (ബി) പട്ടികവർഗ്ഗ സ്ത്രീ സംവരണം
   - ii) പട്ടികജാതി സംവരണം :
   - iii) പട്ടികവർഗ്ഗ സംവരണം

**ബി. നിലവിലുള്ള നിയോജകമണ്ഡലങ്ങൾ/വാർഡുകൾ പുനർ രൂപീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംവരണ മണ്ഡലങ്ങൾ നിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ** :

പുതുതായി രൂപീകരിച്ചതും പുനർരൂപീകരിച്ചതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാത്രമാണ് 2015-ലെ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഡീലിമിറ്റേഷൻ ആവശ്യമായി വന്നിട്ടുള്ളത്. അതിലേയ്ക്കായി രൂപീകരിച്ച ഡീലിമിറ്റേഷൻ കമ്മീഷൻ പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിയോജകമണ്ഡലങ്ങളുടെ പുനർവിഭജന നടപടികൾ പൂർത്തിയാക്കി അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞു. അതിനാൽ നിർദ്ദിഷ്ട നിയോജകമണ്ഡലങ്ങൾ/വാർഡിൽ ആവർത്തന ക്രമമനുസരിച്ച് ഒഴിവാക്കേണ്ട സംവരണ നിയോജകമണ്ഡലം നിശ്ചയിക്കുന്നതിന് ഒരു പൊതുമാനദണ്ഡം നിശ്ചയിക്കേണ്ടതുണ്ട്. ഇതിലേക്കായി പുനർവിഭജനത്തിന് മുമ്പുള്ള സംവരണ നിയോജകമണ്ഡലത്തിലെ തിട്ടപ്പെടുത്തിയ ജനസംഖ്യയുടെ അമ്പത് ശതമാനത്തിലധികം ജനസംഖ്യ ഉൾപ്പെടുന്ന പുതിയ വാർഡിനെ പുനർവിഭജനം നടത്തിയ നിലവിലുള്ള സംവരണമണ്ഡലമായി കണക്കാക്കി 2015-ലെ പൊതുതിരഞ്ഞെടുപ്പിലേക്ക് സംവരണമണ്ഡലങ്ങൾ നിശ്ചയിക്കുന്നതിനായി നറുക്കെടുപ്പ് നടത്തുമ്പോൾ നറുക്കെടുപ്പിൽ നിന്നും ഒഴിവാക്കേണ്ടതാണ്. അമ്പത് ശതമാനത്തിൽ താഴെമാത്രം ജനസംഖ്യ ഉൾപ്പെടുന്ന മണ്ഡലങ്ങളെ നറുക്കെടുപ്പിൽ ഉൾപ്പെടുത്താവുന്നതാണ്.

മേൽപ്പറഞ്ഞ പ്രകാരം കണ്ടെത്തിയ സംവരണ നിയോജകമണ്ഡലങ്ങളെ ഒഴിവാക്കിയ ശേഷം ബാക്കിയുള്ളവയിൽ നിന്നും സംവരണ നിയോജകമണ്ഡലങ്ങൾ നറുക്കിട്ടെടുക്കാനായി ആവശ്യമായ നിയോജകമണ്ഡലങ്ങൾ ലഭ്യമല്ലാത്ത സാഹചര്യം ഉണ്ടാകാം.

ഒരു തദ്ദേശസ്ഥാപനത്തിലെ പകുതിയിലധികം മണ്ഡലങ്ങൾ വിവിധ വിഭാഗത്തിനുള്ള സംവരണ മണ്ഡലങ്ങളായി വരുമ്പോൾ കഴിഞ്ഞ തവണത്തെ എല്ലാ സംവരണ മണ്ഡലങ്ങളും ഇത്തവണത്തെ സംവരണമണ്ഡലങ്ങളിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ല. ഇപ്രകാരം വരുന്ന കേസുകളിൽ സംവരണ നിയോജകമണ്ഡലങ്ങളുടെ എണ്ണം തികയാൻ കൂടുതൽ ആവശ്യമായി വരുന്ന നിയോജകമണ്ഡലങ്ങൾ 2010-ലെ സംവരണ നിയോജകമണ്ഡലങ്ങളായി കണക്കാക്കി നേരത്തേ ഒഴിവാക്കിയവയിൽനിന്നും നറുക്കിട്ടെടുത്ത് നിർദ്ദിഷ്ട സംവരണ നിയോജകമണ്ഡലങ്ങളായി നിശ്ചയിക്കേണ്ടതാണ്. ഇങ്ങനെ ചെയ്യുമ്പോൾ കഴിഞ്ഞ തവണ ഏത് വിഭാഗത്തിനാണോ ആ മണ്ഡലം സംവരണം ചെയ്യപ്പെട്ടിരുന്നത്, ആ വിഭാഗത്തിനായി വീണ്ടും സംവരണം ചെയ്യപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം.

മേൽപറഞ്ഞ പ്രകാരം നിർദ്ദിഷ്ട നിയോജകമണ്ഡലങ്ങളിൽ ഒഴിവാക്കേണ്ട നിയോജകമണ്ഡലങ്ങൾ ഏതൊക്കെ എന്ന് കണ്ടെത്തുന്നതിനാവശ്യമായ കൃത്യമായ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പൽ സെക്രട്ടറിമാരിൽ നിന്നും ശേഖരിക്കണം. ഈ



ആവശ്യത്തിനായി ഇതോടൊപ്പം ചേർത്തിട്ടുള്ള ഫാറത്തിൽ (അനുബന്ധം - II) വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.

II നറുക്കെടുപ്പിന് മുമ്പ് ഓരോ പഞ്ചായത്ത്/മുനിസിപ്പാലിറ്റിയ്ക്കും ഓരോ രജിസ്റ്റർ തയ്യാറാക്കണം അതിൽ താഴെ കാണുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കണം.

1. പഞ്ചായത്തിന്റെ /മുനിസിപ്പാലിറ്റിയുടെ നമ്പരും പേരും:
2. ആകെ നിയോജകമണ്ഡലങ്ങളുടെ എണ്ണം (പുനർവിഭജനത്തിന് മുമ്പുള്ളത്) :
3. അതിലെ സംവരണമണ്ഡലങ്ങളുടെ നമ്പരും പേരും. :
   - i) സ്ത്രീ സംവരണം (1)
     (2)
     (3)
     (എ) പട്ടികജാതി സ്ത്രീ സംവരണം
     (ബി) പട്ടികവർഗ്ഗ സ്ത്രീ സംവരണം
   - ii) പട്ടികജാതി സംവരണം (1)
     (2)
     (3)
   - iii) പട്ടികവർഗ്ഗ സംവരണം :
4. പഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ പുനർവിഭജനത്തിന് ശേഷമുള്ള പുതിയ മണ്ഡലങ്ങളുടെ എണ്ണം :
5. വിഭജനത്തിന് ശേഷമുള്ള സംവരണ മണ്ഡലങ്ങളുടെ എണ്ണം :
6. ഒഴിവാക്കിയ മണ്ഡലങ്ങളുടെ നമ്പരും പേരും :
   - i) സ്ത്രീ സംവരണം (1)
     (2)
     (3)
     (എ) പട്ടികജാതി സ്ത്രീ സംവരണം
     (ബി) പട്ടികവർഗ്ഗ സ്ത്രീ സംവരണം
   - ii) പട്ടികജാതി സംവരണം :
   - iii) പട്ടികവർഗ്ഗ സംവരണം.

7. നറുക്കെടുപ്പിലൂടെ നിശ്ചയിച്ച പുതിയ സംവരണ മണ്ഡലങ്ങളുടെ നമ്പരും പേരും :

i) സ്ത്രീ സംവരണം (1)

(2)

(3)

(എ) പട്ടികജാതി സ്ത്രീസംവരണം

(ബി) പട്ടികവർഗ്ഗ സ്ത്രീ സംവരണം

ii) പട്ടികജാതി സംവരണം :

iii) പട്ടികവർഗ്ഗ സംവരണം :

## നറുക്കെടുപ്പ് നടത്തേണ്ട രീതി

മുകളിൽ എ, ബി ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ അതാതു സംഗതികളിൽ മുൻസംവരണ മണ്ഡലമായി കണ്ടെത്തിയ മണ്ഡലത്തെ നറുക്കെടുപ്പിൽ നിന്നും ഒഴിവാക്കണം. അവശേഷിക്കുന്ന എല്ലാ നിയോജകമണ്ഡലങ്ങളുടെ നമ്പരും പേരും ഒരേ വലിപ്പവും നിറവും ഉള്ള കടലാസിൽ ഓരോന്നായി എഴുതണം. അവ ഉറക്കെ വായിച്ചശേഷം ഒരുപോലെ വെവ്വേറെ ചുരുട്ടി അടപ്പുള്ള ഒരു ടിന്നിലോ പാത്രത്തിലോ ഇട്ട് അടയ്ക്കണം. പാത്രം നല്ലതുപോലെ കുലുക്കിയശേഷം ഏതു വിഭാഗം സംവരണ നിയോജക മണ്ഡലത്തിലേക്കാണോ നറുക്കെടുപ്പ് നടത്തുന്നതെന്ന് ഉച്ചത്തിൽ അറിയിച്ചശേഷം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ തന്നെ നറുക്കെടുത്ത് നിയോജകമണ്ഡലത്തിന്റെ നമ്പരും പേരും ഉച്ചത്തിൽ പ്രഖ്യാപിക്കണം. ആ വിവരം രജിസ്റ്ററിൽ എഴുതി ചേർക്കുകയും വേണം. അടുത്ത നറുക്കെടുപ്പിൽ ഈ മണ്ഡലത്തെ ഒഴിവാക്കി നറുക്കെടുപ്പ് തുടരണം. അപ്രകാരം എല്ലാ സംവരണമണ്ഡലങ്ങളും നിശ്ചയിക്കുന്നതുവരെ നറുക്കെടുപ്പ് തുടരണം. നറുക്കെടുപ്പ് പൂർത്തിയായി രജിസ്റ്ററിൽ എഴുതിച്ചേർത്തശേഷം ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ/നഗരകാര്യ ഡയറക്ടർ/നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ രജിസ്റ്ററിൽ ഒപ്പു വയ്ക്കണം.

സ്ത്രീ, പട്ടികജാതി സ്ത്രീ, പട്ടിക വർഗ്ഗസ്ത്രീ, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ ക്രമത്തിൽ ആയിരിക്കണം നറുക്കെടുപ്പ് നടത്താൻ. ഒരു ദിവസത്തെ നറുക്കെടുപ്പ് പൂർത്തിയായിക്കഴിഞ്ഞാൽ അന്ന് നറുക്കെടുപ്പ് നടത്തിയ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ പട്ടികവർഗ്ഗ സ്ത്രീ സംവരണം, പട്ടികജാതി സ്ത്രീ സംവരണം, സ്ത്രീസംവരണം, പട്ടികജാതി സംവരണം, പട്ടികവർഗ്ഗ സംവരണം എന്നീ വിഭാഗങ്ങളിലുള്ള സംവരണ മണ്ഡലങ്ങൾ ഏതൊക്കെയാണെന്ന് നിശ്ചയിച്ചുകൊണ്ടുള്ള ഒരു ഉത്തരവും പുറപ്പെടുവിക്കണം. അന്നു തന്നെ അത് പ്രസിദ്ധീകരിക്കുകയും വേണം. പകർപ്പ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനും അന്നുതന്നെ അയച്ചു കൊടുക്കണം. ഉത്തരവിന്റെ മാതൃക ഇതോടൊപ്പം ചേർത്തിട്ടുണ്ട്. (അനുബന്ധം III മുതൽ VIII വരെ).



## അനുബന്ധം – I

### സംവരണ വാർഡ് നിശ്ചയിക്കുന്നതിനുള്ള ഫാറം (വാർഡ് ഡീലിമിറ്റേഷൻ ബാധകമായിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ)

ജില്ലയുടെ പേര് ....................................................................

ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ

| ക്രമ നമ്പർ | നിലവിലുള്ള നിയോജക മണ്ഡലത്തിന്റെ പേരും നമ്പരും | പ്രസ്തുത നിയോജക മണ്ഡലം ഏത് വിഭാഗത്തിലാണ് സംവരണം ചെയ്തിട്ടുള്ളത് |
|---|---|---|
| | | |

സ്ത്രീ സംവരണം, പട്ടികജാതി സ്ത്രീ സംവരണം, പട്ടികവർഗ്ഗ സ്ത്രീ സംവരണം, പട്ടികജാതി സംവരണം, പട്ടിക വർഗ്ഗ സംവരണം ഇവയിലേതെന്ന് വ്യക്തമാക്കുക.

## അനുബന്ധം – II

# ഡീലിമിറ്റേഷൻ ബാധകമായിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ സംവരണ വാർഡ് നിശ്ചയിക്കുന്നതിനുള്ള ഫാറം

ജില്ലയുടെ പേര് : ............................................................ ജില്ലാ/ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ

| ക്രമ നമ്പർ | നിലവിലുള്ള സംവരണ നിയോജക മണ്ഡലത്തിന്റെ നമ്പരും പേരും | പ്രസ്തുത നിയോജക മണ്ഡലം ഏതു വിഭാഗത്തിനാണ് സംവരണം ചെയ്തിട്ടുള്ളത് | പ്രസ്തുത നിയോജക മണ്ഡലത്തിലെ തിട്ടപ്പെടുത്തിയ ജനസംഖ്യ | പ്രസ്തുത നിയോജക മണ്ഡലത്തിലെ തിട്ടപ്പെടുത്തിയ ജനസംഖ്യ ഉൾക്കൊള്ളുന്ന പുതിയ നിയോജകമണ്ഡലങ്ങളുടെ നമ്പരും പേരും ജനസംഖ്യയും | | നിലവിലുള്ള സംവരണ നിയോജകമണ്ഡലത്തിന്റെ 50%ൽ കൂടുതൽ ജനസംഖ്യ ഉൾക്കൊള്ളുന്ന പുതിയ മണ്ഡലത്തിന്റെ നമ്പരും പേരും |
|---|---|---|---|---|---|---|
| | | | | പുതിയ നിയോജക മണ്ഡലത്തിന്റെ നമ്പരും പേരും | ജനസംഖ്യാ ശതമാനം | |
| 1 | 2 | 3 | 4 | 5 | | |
| | | | | | | |

67സ്ത്രീ സംവരണം, പട്ടികജാതി, സ്ത്രീ സംവരണം, പട്ടികവർഗ സ്ത്രീസംവരണം, പട്ടികജാതി സംവരണം, പട്ടികവർഗ സംവരണം ഇവയിലേതെന്ന് വ്യക്തമാക്കുക



## അനുബന്ധം – III

## ഉത്തരവ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 10(2 എ)-ാം വകുപ്പ് പ്രകാരം അടുത്ത പൊതുതിരഞ്ഞെടുപ്പിനുവേണ്ടി.................................................. ജില്ലയിലെ.......................................................................... ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തിലെ സംവരണ നിയോജകമണ്ഡലങ്ങൾ താഴെ പറയുന്ന പ്രകാരം നറുക്കെടുപ്പിലൂടെ നിശ്ചയിച്ച് ഉത്തരവാകുന്നു.

| സംവരണ വിഭാഗം | സംവരണമണ്ഡലത്തിന്റെ നമ്പരും പേരും |
|---|---|
| | |

ഒപ്പ് : ...............................

പേര് : ...............................

ജില്ലാ കളക്ടർ : ...............................

**അനുബന്ധം – IV**

## ഉത്തരവ്

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 6(9)-ാം വകുപ്പ് പ്രകാരം അടുത്ത പൊതുതിരഞ്ഞെടുപ്പിനുവേണ്ടി...................................നഗരസഭയിലെ സംവരണ നിയോജക മണ്ഡലങ്ങൾ താഴെ പറയുന്നപ്രകാരം നറുക്കെടുപ്പിലൂടെ നിശ്ചയിച്ച് ഉത്തരവാകുന്നു.

| സംവരണ വിഭാഗം | സംവരണമണ്ഡലത്തിന്റെ നമ്പരും പേരും |
|---|---|
| | |

ഒപ്പ് : ...............................

പേര് : ...............................

നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ : ...............................



**അനുബന്ധം – V**

## ഉത്തരവ്

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 6(9)-ാം വകുപ്പ് പ്രകാരം അടുത്ത പൊതുതിരഞ്ഞെടുപ്പിനുവേണ്ടി...................................................... മുനിസിപ്പൽ കോർപ്പറേഷനിലെ സംവരണ നിയോജകമണ്ഡലങ്ങൾ താഴെ പറയുന്നപ്രകാരം നറുക്കെടുപ്പിലൂടെ നിശ്ചയിച്ച് ഉത്തരവാകുന്നു.

| സംവരണ വിഭാഗം | സംവരണമണ്ഡലത്തിന്റെ നമ്പരും പേരും |
|---|---|
| | |

ഒപ്പ് : ...............................

പേര് : ...............................

നഗരകാര്യ ഡയറക്ടർ : ...............................

**അനുബന്ധം – VI**

## ജില്ലാ/ബ്ലോക്ക് /ഗ്രാമ പഞ്ചായത്തുകളിലെ സംവരണ മണ്ഡലങ്ങൾ നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതിനുള്ള തീയതിയും സമയവും സ്ഥലവും

ജില്ല : ..............................................................................................

നറുക്കെടുപ്പ് നടത്തേണ്ട ഉദ്യോഗസ്ഥൻ : ജില്ലാ കളക്ടർ



| ഗ്രാമപഞ്ചായത്ത് | | | | ബ്ലോക്പഞ്ചായത്ത് | | | | ജില്ലാപഞ്ചായത്ത് | | | |
|---|---|---|---|---|---|---|---|---|---|---|---|
| പേരും നമ്പരും | തീയതി | സമയം | സ്ഥലം | പേരും നമ്പരും | തീയതി | സമയം | സ്ഥലം | പേരും നമ്പരും | തീയതി | സമയം | സ്ഥലം |
| | | | | | | | | | | | |

**അനുബന്ധം – VII**

## <u>മുനിസിപ്പാലിറ്റികളിലെ സംവരണ വാർഡുകൾ നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതിനുള്ള തീയതിയും സമയവും സ്ഥലവും</u>

റീജിയണൽ ജോയിന്റ് ഡയറക്ടർ : ................................................ മേഖല



| ക്രമ നമ്പർ | മുനിസിപ്പാലിറ്റിയുടെ പേരും നമ്പരും | തീയതി | സമയം | സ്ഥലം |
|---|---|---|---|---|
| 1. | | | | |

**അനുബന്ധം – VIII**

## മുനിസിപ്പൽ കോർപ്പറേഷനുകളിലെ സംവരണവാർഡുകൾ നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതിനുള്ള തീയതിയും സമയവും സ്ഥലവും.

| ക്രമ നമ്പർ | നറുക്കെടുപ്പ് നടത്തേണ്ട ഓഫീസർ | മുനിസിപ്പൽ കോർപ്പറേഷന്റെ പേര് | തീയതി | സമയം | സ്ഥലം |
|---|---|---|---|---|---|
| 1. | ഡയറക്ടർ, നഗരകാര്യം | 1. തിരുവനന്തപുരം<br>2. കൊല്ലം<br>3. എറണാകുളം<br>4. തൃശൂർ<br>5. കോഴിക്കോട്<br>6. കണ്ണൂർ | | | |